**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **03-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഭൂമി പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നഞ്ച ഭൂമി പ്രശ്നങ്ങൾ, പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം നൽകൽ, ദേവസ്വം ഭൂമി പ്രശ്നങ്ങൾ , റീസർവ്വേ പൂർത്തീകരണം എന്നീ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ; | (എ) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവനുസരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം അനുവദിക്കാവുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നിയോജകമണ്ഡലത്തിലെ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലത്തിൽ ദേവസ്വം ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലില്ലാത്തതാണ്. |
| (ബി) | കൈപ്പമംഗലം മണ്ഡലത്തിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിന് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവേ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ; | (ബി) | ഡിജിറ്റൽ സർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കി, സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും, നിലവിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുവാൻ കഴിയുന്ന ഘട്ടത്തിലുമാണ്.<br><br>ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിഞ്ഞനം വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ പുരോഗമിച്ചുവരികയാണ്.<br>കൂടാതെ, കൈപ്പമംഗലം, കുളിമുട്ടം എന്നീ വില്ലേജുകൾ ഡിജിറ്റൽ സർവെ പദ്ധതിയുടെ നാലാം ഘട്ടത്തിൽ ഡിജിറ്റൽ സർവെ നടത്തുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ളതും, മൂന്നാം ഘട്ടത്തിലെ വില്ലേജുകളിലെ ഡിജിറ്റൽ സർവ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്, നാലാം ഘട്ടത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ സർവെ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതുമാണ്. നിയോജകമണ്ഡലത്തിലെ ശേഷിയ്ക്കുന്ന വില്ലേജുകളിലും വിവിധ ഘട്ടങ്ങളിലായി ഡിജിറ്റൽ സർവ്വേ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | വനഭൂമിയിൽ സൗജന്യമായി പട്ടയം അനുവദിക്കുമ്പോൾ കാലാകാലമായി ഇവിടെ സ്ഥലം വാങ്ങി താമസിക്കുന്നവർക്ക് ഭൂമി നഞ്ച എന്ന പേരിൽ നിന്നും തരം മാറ്റുമ്പോൾ കൂടുതൽ പണം ഗവൺമെന്റിലേക്ക് കെട്ടിവയ്ക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ? | (സി) | ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ